<u>**15 -ാം കേരള നിയമസഭ**</u>

<u>**4 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1279**</u> <u>**14-03-2022 - ൽ മറുപടിയ്ക്ക്**</u>

<u>**വർക്കല മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ വി ജോയി** | | **null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വർക്കല മണ്ഡലത്തിൽ ടൂറിസം വകുപ്പ് ഏറ്റെടുത്ത് നിർവ്വഹിച്ചുവരുന്ന പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (എ) | 1. വർക്കലയിലെ ബീച്ച് ടൂറിസം വികസനം- പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ സമയം പരിസ്ഥിതി പ്രവർത്തകരുടെ എതിർപ്പ് മൂലം പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ പദ്ധതി റദ്ദ് ചെയ്യുന്നതു സംബന്ധിച്ചുള്ള നടപടികൾ പരിശോധിച്ചുവരുന്നു. 2. വേൾഡ് ക്ളാസ്സ് ടോയ് ലെറ്റ് നിർമ്മാണം പ്രസ്തുത പ്രവൃത്തിയുടെ 25% ജോലികൾ നിർവ്വഹണ ഏജൻസിയായ കിറ്റ്കോ പൂർത്തികരിച്ചിട്ടുണ്ട്. 3. വർക്കല ഗസ്റ്റ് ഹൗസിൽ പുതിയകോട്ടേജുകളുടെ നിർമ്മാണവും പഴയകോട്ടേജുകളുടെ നവീകരണവും പ്രസ്തുത പ്രവൃത്തിയുടെ 35% ജോലികൾ നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് പൂർത്തികരിച്ചിട്ടുണ്ട്. 4. വർക്കലയിൽ സിസിടിവി ക്യാമറയും മറ്റും സ്ഥാപിക്കൽ (സോളാർ & പരമ്പരാഗത തെരുവ് വിളക്കുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ മുതലായവ) ഈ പ്രവൃത്തിയുടെ 60% ജോലികൾ നിർവ്വഹണ ഏജൻസിയായ കെൽ പൂർത്തികരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ